**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 108** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമ്പത്തിക പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും എത്ര ദിവസം വേയ്സ് ആൻഡ് മീൻസ് അഡ്വാൻസസ് സംവിധാനത്തെ ആശ്രയിച്ചതായും എത്ര ദിവസം ഓവർഡ്രാഫ്റ്റിൽ ആയിരുന്നുവെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്, ഓവർ ഡ്രാഫ്റ്റ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയ ദിവസങ്ങളുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പ ത്തിക വർഷം | വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് | ഓവർ ഡ്രാഫ്റ്റ് |
|---|---|---|
| 2021-22 | 110 | 14 |
| 2022-23 | 54 | 1 |
| 2023-24 | 125 | 67 |
| 2024-25 | 262 | 84 |
| 2025-26 | 145 | 12 |

**(ബി)** തുടർച്ചയായ ഓവർഡ്രാഫ്റ്റ് നിയന്ത്രണങ്ങൾ കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകൾ, കരാറുകാരുടെ ബില്ലുകൾ എന്നിവ യഥാസമയം മാറാൻ കഴിയാതെ വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനം നേരിടുന്ന പണഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട് ഇനത്തിൽ നൽകുവാനുണ്ടായിരുന്ന മൂന്ന് ഗഡുക്കളിൽ അവസാന ഗഡുവായ 1,982 കോടി രൂപ നൽകുവാൻ സാധിച്ചിരുന്നില്ല. കരാറുകാരുടെ തുക യഥാസമയം മാറി നൽകാൻ സാധിക്കാതിരുന്നതുകൊണ്ട് ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്.

**(സി)** ഇത്തരം പ്രതിസന്ധികൾ ആവർത്തിക്കാതിരിക്കാൻ വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിലെ പ്രതികൂല സാഹചര്യം ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ തരണം ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനൊപ്പം തന്നെ, നികുതി ചോർച്ചയും വരുമാന ചോർച്ചയും തടയുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കും. സർക്കാരിന്റെ ചെലവുകൾക്ക് കൃത്യമായ മുൻഗണന നിശ്ചയിച്ച് അവ വരവുമായി പൊരുത്തപ്പെടുത്തുകയും, എല്ലാ മേഖലകളിലും കർശനമായ സാമ്പത്തിക അച്ചടക്കം പുലർത്തുകയും ചെയ്യും. എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതകളും ഘടനാപരമായ മാറ്റങ്ങളും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കില്ലെന്ന തിരിച്ചറിവോടെ, ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ സമഗ്രമായ പുനരുജ്ജീവനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് വിവിധ മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാനും, അതുവഴി ഖജനാവിൽ ധനസമാഹരണം നടത്തി ആ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ കാഴ്ചപ്പാട് മുൻനിർത്തി അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഥമ പരിഗണന നൽകുന്നതോടൊപ്പം, ജനക്ഷേമ പദ്ധതികൾ മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകാനും തൊഴിൽ, നിക്ഷേപം, വികസനം എന്നിവ കേന്ദ്രീകരിച്ചുള്ള സുസ്ഥിര സാമ്പത്തിക വളർച്ച കൈവരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**